ഉത്തരം

(എ) മുൻകാലങ്ങളെ അപേക്ഷിച്ച് കള്ളനോട്ടുകളുടെ പ്രചാരം കുറവായിട്ടാണ് കാണുന്നത്.

(ബി) 233 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 371 പ്രതികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് കേന്ദ്രീകരിച്ച് ഓരോ ഡി.വൈ.എസ്.പി.മാരുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും കള്ളനോട്ടിന്റെ ഉല്പാദനവും പ്രചാരണവും തടയുന്നതിന് പ്രത്യേക സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നു. ഈ സ്ക്വാഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഇപ്പോൾ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ പോലീസ് സൂപ്രണ്ടുമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിലാക്കിയിട്ടുണ്ട്.

എൻ.ഡി.എഫ്. പ്രവർത്തകർ പ്രതികളായിട്ടുള്ള കേസുകൾ

57 [5201] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എൻ.ഡി.എഫ് പ്രവർത്തകർ പ്രതികളായിട്ടുള്ള എത്ര കൊലപാതക കേസുകളാണ് നടന്നിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 6 കേസുകൾ.

(ബി) 4 കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

ഭവനഭേദനവും പകൽമോഷണവും അവസാനിപ്പിക്കാൻ നടപടി

58 [5202] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, തോമസ് ചാഴിയാടൻ:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്ധ്യതിരുവിതാംകൂർ മേഖലയിൽ ഭവനഭേദനവും പകൽ മോഷണവും വ്യാപകമായിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെയുള്ള മോഷ്ടാക്കളിൽ നല്ലൊരു ശതമാനം ഭിക്ഷാടകരായ നാടോടികളും വാഹനങ്ങളിൽ വന്ന് ആഭരണം കവർന്നെടുക്കുന്നവരും ആണെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എങ്കിൽ ഇത്തരം മോഷണങ്ങൾ തടയുന്നതിന് പോലീസിന്റെ സേവനം ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മോഷണം തടയാൻ പോലീസിന്റെ ഭാഗത്തുനിന്നും പ്രത്യേക ക്രൈം സ്ക്വാഡുകൾ രൂപീകരിച്ച് ഊർജ്ജിതമായ അന്വേഷണങ്ങളും നടപടികളും സ്വീകരിച്ചു വരുന്നു.

എയ്ഡ്സ് ബാധിച്ചതായ കുടുംബത്തെ പീഡിപ്പിച്ച സംഭവം

59 [5203] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരിപ്പള്ളി പോലീസ് സബ്ഇൻസ്പെക്ടർ വേളമാനൂരിലെ എയ്ഡ്സ് ബാധിതരായ കുടുംബത്തെ പീഡിപ്പിച്ചത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിരുന്നുവോ;

(ബി) എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലഭിച്ചിരുന്നു.

(ബി) പരാതി കൊല്ലം ഡി.വൈ.എസ്.പി. അന്വേഷിച്ചിട്ടുണ്ട്. അന്വേഷണത്തിൽ നിന്നും ആരോപണം അടിസ്ഥാനരഹിതമാണെന്നാണ് വെളിവായിട്ടുള്ളത്.

ഗ്രേസിയുടെ മാല പൊട്ടിച്ചത് സംബന്ധിച്ച അന്വേഷണം

60 [5204] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തൂർ ഏറം വടക്ക് മോൻസി നിവാസിൽ ഗ്രേസിയുടെ മാല പൊട്ടിച്ചത് സംബന്ധിച്ച് പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(സി) അറസ്റ്റു ചെയ്തെങ്കിൽ തുടർന്ന് എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) അന്വേഷണം നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly